


# പ്രതീക്ഷ

ഗവൺമെന്റ് ടൗൺ യു പി എസ്

നെടുമങ്ങാട്



ലോകമൊട്ടാകെ വലിയ പ്രതിസന്ധി നേരിടുന്ന ഒരു കാലഘട്ടമാണല്ലോ നമുക്ക് മുന്നിലുള്ളത്. ഈ അവസരത്തിൽ നമ്മുടെ കുട്ടികളുടെ സർഗ്ഗാത്മകത വീടിനുള്ളിലിരുന്നു കൊണ്ട് പ്രകടമാക്കാനുള്ള അവസരം അവർക്ക് ലഭിക്കേണ്ടതുണ്ട്. ഇത്തരത്തിൽ കുട്ടികളുടേതായ നിരവധി സൃഷ്ടികളും നമ്മുടെ സ്കൂളിലെ 2019-2020 അധ്യയന വർഷത്തിലെ പ്രധാന പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നതാണ് "പ്രതീക്ഷ" എന്ന ഈ ഡിജിറ്റൽ മാഗസിൻ. എത്രയും വേഗം കോവിഡ് എന്ന മഹാമാരിയിൽ നിന്നും ലോകത്തിന് മുഴുവൻ മോചനം ലഭ്യമാകും എന്ന പ്രതീക്ഷയോടെ "പ്രതീക്ഷ "നിങ്ങൾക്ക് മുന്നിലേയ്ക്ക്...............

സ്നേഹപൂർവ്വം

എസ്.ജയകുമാർ

ഹെഡ്മാസ്റ്റർ

ഗവ:ടൗൺ യു പി എസ് നെടുമങ്ങാട്

# താളുകളിലൂടെ......

കഥ,കവിത,ലേഖനം,യാത്ര,സ്കൂൾ പ്രവർത്തനങ്ങൾ

അങ്ങനങ്ങനങ്ങനെ......



ലേഖനം

## ലോകം കീഴടക്കിയ ഭീകരൻ

നമ്മൾ ഭീകരസത്വത്തിന്റെ കഥകൾ ധാരാളം കേട്ടിട്ടുണ്ട്.ആ കഥകളിൽ എല്ലാം തന്നെ പേടിപ്പിക്കുന്ന അനേകം നിഴല്പാടുകൾ കാണാൻ കഴിയും.ഇന്ന് നാം നേരിടുന്ന കൊറോണ വൈറസ് ശരിക്കും ഒരു ഭീകരൻ തന്നെയാണ്. കൊറോണ വൈറസ് രോഗത്തിന് ലോകാരോഗ്യസംഘടന നൽകിയ പേരാണ് കോവിഡ് 19. കോവിഡ് എന്നതിന്റെ പൂർണ രൂപം കൊറോണ വൈറസ് ഡിസീസ്2019 എന്നാണ്.കൊറോണ ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ട നഗരം ചൈനയിലെ വുഹാൻ ആണ്. ഈ വൈറസ് മനുഷ്യ ശരീരത്തിൽ ശ്വാസകോശത്തെയാണ് പ്രധാനമായും ബാധിക്കുന്നത്.60 വയസ്സിനു മുകളിൽ പ്രായമുള്ളവരിലും കുട്ടികളിലും ഇത് ഭീകരസത്വമായി തന്നെയാണ് പ്രവർത്തിക്കുന്നത്.2020 ജനുവരി30 നു കോറോണയുടെ അതിവ്യാപനത്തെ തുടർന്ന് ലോകാരോഗ്യസംഘടന ആഗോള ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

കേരളം ആരോഗ്യ വകുപ്പിന്റെ ബ്രേക്ക് ദി ചെയിൻ എന്ന ക്യാമ്പയിനിലൂടെ നമ്മുടെ നാട് മുഴുവൻ ജാഗ്രതയോടെ ഈ മഹാമാരിയെ തുരത്താൻ ഒത്തു ചേർന്നിരിക്കുകയാണ്. തൊണ്ടവേദന, ജലദോഷം, പനി, തുടങ്ങിയ രോഗലക്ഷണങ്ങളോടെ വന്നു ചരുന്ന ഈ രോഗത്തെ തുരത്തുവാൻ മാസ്ക്കും സാനിറ്റിസേറുംപോലുള്ള ചെറുവഴികൾ മാത്രമാണ് നമ്മുടെ മുൻപിൽ ഉള്ളത്. ജനങ്ങൾ തമ്മിലുള്ള അകലം ക്രമീകരിച്ചും ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ പാലിച്ചും നമുക്ക് ഒത്തു ചേർന്ന് ഈ ഭീകരനെ തുരത്താം.

മഹിത്.പി.എസ്　6 A

# ചിത്രരചന



സാന്ദ്ര 6 B

# പ്രവേശനോത്സവം 2019-2020











# ദിനാചരണങ്ങൾ











# കാർട്ടൂൺ




സുദക്ഷിണ 5 C

# വിളവെടുപ്പ്










## കവിത

# കൊറോണക്ക് ഒരു സ്വീകരണം

ചൈനയെന്നൊരു രാജ്യത്ത്ന്ന്,
കൊറോണയെന്നൊരു വൈറസ് ചേട്ടൻ,
പെട്ടിയുമായി രോഗം പരത്താൻ,
എത്തിച്ചേർന്നു മാബലി നാട്ടിൽ.

ആരോഗ്യത്തിൻ മന്ത്രി ടീച്ചർ,
അവനൊരുക്കി സ്വീകരണം.
സാനിറ്റൈസർ,മുഖാവരണം,
എല്ലാം ചേർന്നൊരു സ്വീകരണം.

തളർന്നു പോയി തകർന്നു പോയി,
അയ്യോ വമ്പൻ കൊറോണച്ചേട്ടൻ.
പെട്ടിയുമായി ചേട്ടൻ പതിയെ,
ബൈ ബൈ ചൊല്ലി യാത്രയുമായി.

അഭിജിത്ത്      5 C

# അഗതിമന്ദിരസന്ദർശനം










# പേപ്പർക്രാഫ്റ്റ്









ആദിത്യൻ 6 C

# സ്കൂൾ അസംബ്ലിയിലെ
# പരീക്ഷണ കളരി


















# കാർട്ടൂൺ




ദേവിക    6 C

# ചിത്രരചന







മുഹമ്മദ് ആസിഫ്  7 C

# ശാസ്ത്രമേള










കഥ

## അവിചാരിതമായൊരു അവധിക്കാലം

ഉണ്ണിയും അപ്പുവും ചങ്ങാതിമാരാണ്. അതുപോലെ അയല്പക്കകാരും.എന്നും അവർ ഒരുമിച്ചാണ് സ്കൂളിലെത്താറുള്ളത്. അവരുടെ ക്ലാസ്സിൽ ആരെന്തു പറഞ്ഞാലും കേൾക്കാത്ത ഒരു കുട്ടിയുണ്ടായിരുന്നു_അച്ചു.എല്ലാ ദിവസവും അവൻ ഉച്ചഭക്ഷണവും കഴിഞ്ഞു കൈ നേരെ കഴുകാതെ കളിക്കാനായി ഓടുമായിരുന്നു.ഉണ്ണിയും അപ്പുവും അവനെ എപ്പോഴും ഉപദേശിച്ചിരുന്നെങ്കിലും അവൻ അനുസരിക്കില്ലായിരുന്നു.ഒരു ദിവസം ക്ലാസ്സിൽ ശുചിത്വത്തെ കുറിച്ച് ടീച്ചർ പഠിപ്പിച്ചു,അക്കൂട്ടത്തിൽ കൊറോണ എന്ന ഒരു മഹാമാരിയെക്കുറിച്ചും ടീച്ചർ പറഞ്ഞു.

അങ്ങനെയിരിക്കെ കൊറോണ വ്യാപനത്തെ തടയാനായി നമ്മുടെ രാജ്യം മുഴുവൻ ലോക്കഡൗണിലുമായി...ഇതറിഞ്ഞപ്പോൾ ഉണ്ണിയ്ക്കും അപ്പുവിനും സ്കൂളിൽ പോകാൻ പറ്റാത്തതിന്റെ സങ്കടവും എന്നാൽ വീട്ടിൽ നിൽക്കാമല്ലോ എന്ന സന്തോഷവും ഒരുമിച്ചുണ്ടായി.പിന്നെ കുറച്ചു ദിവസം അവർ കുറെ കളിക്കുകയും കാർട്ടൂൺ കാണുകയുമെല്ലാം ചെയ്തു.ഒരു ദിവസം അവരുടെ ടീച്ചർ ഉണ്ണിയുടെയും അപ്പുവിന്റെയും സുഖവിവരങ്ങൾ അന്വേഷിച്ചു ഫോൺ ചെയ്തു,അക്കൂട്ടത്തിൽ അച്ചുവിന് ടൈഫോയ്ഡ് വന്ന കാര്യം ടീച്ചർ പറഞ്ഞു...വിഷമം തോന്നിയെങ്കിലും ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകത അവനിപ്പോൾ മനസിലായി എന്ന് ടീച്ചർ പറഞ്ഞത് കേട്ടപ്പോൾ ആശ്വാസവുമായി.

ഈ അവസരത്തിൽ കുട്ടികളായ നമുക്ക് എന്തെല്ലാം ചെയ്യാനാവുമെന്ന് അവർ അപ്പുവിന്റെ അച്ഛനോട് ചോദിച്ചു. അപ്പോൾ അച്ഛൻ പറഞ്ഞു _"ഈ സാഹചര്യത്തിൽ നമുക്ക് ചെയ്യാവുന്ന ഏറ്റവും വലിയ കാര്യം വീട്ടിലിരിക്കുക എന്നതാണ്,വീട്ടിലിരുന്നുകൊണ്ടു നമുക്ക് എന്തെല്ലാം ചെയ്യാം,പുസ്തകം വായിക്കാം,ചിത്രം വരയ്ക്കാം,പഠിക്കാം അങ്ങനെ എന്തെല്ലാം

കാര്യങ്ങൾ? " ഇതും പറഞ്ഞിട്ട് അച്ഛൻ അവർക്കു വായിക്കാൻ രണ്ടു പുസ്തകങ്ങളും കൊടുത്തു.പുസ്തകങ്ങൾ വായിച്ച ശേഷം വായനക്കുറിപ്പ് എഴുതണമെന്നും അച്ഛൻ ആവശ്യപ്പെട്ടു. അപ്പു വായിച്ച പുസ്തകം കൃഷിയെ കുറിച്ചായിരുന്നു.അത് വായിച്ചപ്പോൾ അവനൊരു ഐഡിയ തോന്നി. "നമുക്ക് ഒരു പച്ചക്കറിത്തോട്ടം നിർമ്മിച്ചാലോ?"എന്ന് അപ്പു ഉണ്ണിയോട് ചോദിച്ചു.ഉണ്ണി സമ്മതിച്ചു. അവർ അങ്ങനെ ഒരു പച്ചക്കറിത്തോട്ടവും നിർമിച്ചു.

അങ്ങനെയിരിക്കെ വിഷു എത്തി. അവർ കണി ഒരുക്കി.രാവിലെ എഴുന്നേറ്റു കണിയും കണ്ടു. എല്ലാവരും അവർക്കു കൈനീട്ടവും നൽകി.കൈനീട്ടം കിട്ടുന്ന കാശു കൊണ്ട് അവർക്കു ഒരുപാടു പ്ലാനുകൾ ഉണ്ടായിരുന്നു. അപ്പോൾ ഉണ്ണി പറഞ്ഞു "അപ്പൂ,ഇനിയും വിഷു വരും,കൈനീട്ടവും കിട്ടും.നമ്മുടെ പ്ലാനൊക്കെ തല്ക്കാലം മാറ്റി നിർത്താം. ഈ കൊറോണ മാറിയില്ലെങ്കിൽ അടുത്ത വിഷുവിനും നമ്മൾ ഇങ്ങനെ തന്നെ ഇരിക്കേണ്ടി വരും അതുകൊണ്ടു നമുക്ക് ഈ വിഷു കൈനീട്ടം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകാം."ആദ്യം അപ്പുവിന് സങ്കടം വന്നെങ്കിലും പിന്നെ അവൻ സമ്മതിച്ചു.സങ്കടപെടുന്ന മറ്റുള്ളവർക്ക് വേണ്ടി നമുക്ക് ഇത്രയെങ്കിലും ചെയ്യാനായല്ലോ എന്ന ആശ്വാസത്തോടെ അവർ വീണ്ടും പുസ്തകങ്ങളുടെ ലോകത്തേക്ക് മടങ്ങി.

സുദക്ഷിണ 5 C

# പേപ്പർക്രാഫ്റ്റ്



സാന്ദ്ര 6 B

# ഭക്ഷ്യമേള










# ചിത്രരചന









നൗഫൽ 7

# പാടം കതിരണിഞ്ഞ വഴിയിലൂടെ












## കവിത

### നേരിടാം നമുക്കൊന്നായി

ലോകത്തെ നടുക്കാനായ്
വന്നൊരു ഭീകര രോഗം
കൊറോണ എന്നൊരു രോഗം
ചൈനയിൽ നിന്ന് വ്യാപിച്ചു
ലോകമെമ്പാടും വ്യാപിച്ചു
കൈകൾ കഴുകാം വീട്ടിൽ തങ്ങാം
കൊറോണയെ പ്രതിരോധിക്കാം
സർക്കാർ നൽകും നിർദ്ദേശങ്ങൾ
പാലിച്ചീടാം ഒന്നായി
സമൂഹ അകലം പാലിച്ചീടാം
കൊറോണയെ തുരത്തീടാം

ഐശ്വര്യ 6 A

# ചിത്രത്തുന്നൽ



സുദക്ഷിണ 5 C

# നേർക്കാഴ്ച

ഓരോ കുട്ടിക്കും ആവശ്യമായ പഠന പിന്തുണ ഉറപ്പാക്കുന്നതിന് അവന്റെ കുടുംബ പശ്ചാത്തലം കൂടി മനസ്സിലാക്കേണ്ടതുണ്ട്. അതിനു വേണ്ടി നമ്മുടെ വിദ്യാലയം ആവിഷ്കരിച്ച തനതു പരിപാടിയാണ് 'നേർക്കാഴ്ച'. വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും വീടുകൾ സന്ദർശിച്ച് പഠനപുരോഗതി ചർച്ച ചെയ്ത് രക്ഷിതാക്കളെയും വിദ്യാലയപ്രവർത്തനങ്ങളുടെ ഭാഗമാക്കി അവരുമായി നല്ല ഒരു ബന്ധം സ്ഥാപിച്ചെടുക്കാൻ നമുക്ക് കഴിഞ്ഞു.






# നേർക്കാഴ്ച










# പേപ്പർക്രാഫ്റ്റ്










മഹിത്.പി.എസ്  6 A

# കലാമത്സരങ്ങൾ








# ചിത്രരചന







ജാനകി രാമൻ 6C

# പ്രതിഭകളോടൊപ്പം







കഥ

## മനുഷ്യജീവൻ

അന്നൊരു വൈകുന്നേരം കളിക്കാനായി പുറത്തേക്കിറങ്ങിയപ്പോഴാണ് ഉമ്മയുടെ പിൻവിളി കേട്ടത്.ഈ ഉമ്മയ്ക്ക് എന്താ എന്ന ഭാവത്തിൽ ഞാൻ തിരിഞ്ഞു നോക്കി.ഞാനും എന്റെ അനിയനും വീടിനുള്ളിലേക്ക് തിരിച്ചു കയറി.വാർത്തയിൽ കൊറോണ എന്ന മഹാമാരിയെക്കുറിച്ചു പറഞ്ഞത് ഓരോന്നായി ഉമ്മ പറയാൻ തുടങ്ങി. എല്ലാം മനസിലായില്ലെങ്കിലും കുറെയൊക്കെ മനസിലായി.അന്ന് മുതൽ ടീവിയിൽ വാർത്ത കാണുന്നത് പതിവായി. അതിൽ നിന്നും സാമൂഹിക അകലം പാലിക്കുന്നതിലൂടെയും കൈകൾ നിരന്തരം സോപ്പ് ഉപയോഗിച്ച് കഴുകുന്നതിലൂടെയും മാസ്ക് ഉപയോഗിക്കുന്നതിലൂടെയുമെല്ലാം കൊറോണ എന്ന വൈറസിനെ അകറ്റി നിർത്താം എന്ന് മനസിലാക്കാൻ കഴിഞ്ഞു.നമ്മുടെ ഒരൊറ്റ അശ്രദ്ധ കൊണ്ട് ഈ മഹാമാരി മനുഷ്യരാശിയെ തന്നെ കാർന്നു തിന്നും. അതുകൊണ്ടു കോറോണയെ തടയിടാൻ ഇപ്പോൾ വീടിനകത്തു തന്നെ കഴിയുന്നതാണ് ഉത്തമം.ഉമ്മയുടെ പിൻവിളി യുടെ അർഥം ഇപ്പോൾ ശരിക്കും മനസിലായി. ഇപ്പോൾ ഞങ്ങൾ വീടിനുള്ളിൽ കളിച്ചും ചിരിച്ചും അതിലുപരി ലോകത്തിലെ ഓരോ ആൾക്കാർക്കും വേണ്ടി പ്രാർത്ഥിച്ചു കൊണ്ടും നല്ല നാളെക്കായി പ്രതീക്ഷയോടെ കാത്തിരിക്കുന്നു.....

മുഹമ്മദ് ആസിഫ്   7 C






# പേപ്പർക്രാഫ്റ്റ്








അഭിജിത്ത് 5 C

# വിനോദയാത്ര









# സ്നേഹഹസ്തം

സാമ്പത്തികമായും രോഗദുരിതത്താലും ബുദ്ധിമുട്ടനുഭവിക്കുന്ന രണ്ട് കുടുംബത്തിലെ കുട്ടികൾക്ക് അവർ പഠനം പൂർത്തിയാക്കി പോകുന്നതു വരെ ഒരു നിശ്ചിത തുക മാസം തോറും നൽകി വരുന്നു. 'സ്നേഹഹസ്തം'എന്ന് പേരിട്ട ഈ പരിപാടി 2019-2020 വർഷം മുതൽ നടപ്പാക്കി വരുന്നു. കരുതലിന്റെ,സാന്ത്വനത്തിന്റെ ഒരു തരി വെളിച്ചമാകാൻ ഈ പരിപാടിക്ക് കഴിയട്ടെ എന്ന് ആശിക്കുന്നു..........





# പഠനോത്സവം

**ഒരു അധ്യയന വർഷത്തിലെ പഠന-പാഠ്യേതരപ്രവർത്തനങ്ങളുടെ നേർക്കാഴ്ചയായി മാറിയ പഠനോത്സവത്തിന്റെ ചില ഏടുകളിലൂടെ...........**





